പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ആജീവികാ സ്കിൽഡ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6072

07.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>,, വി.ഡി. സതീശൻ<br>,, സി. പി. മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'ആജീവികാ' സ്കിൽഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ആജീവിക സ്കിൽസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ കുടുംബശ്രീയെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി കുടുംബശ്രീ തയ്യാറാക്കി കേന്ദ്ര ഗ്രാമവികസന വകുപ്പിന് നൽകിയിട്ടുണ്ട്. 30,000 ഗ്രാമീണ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചുള്ള വാർഷിക പദ്ധതിക്ക് ജൂലൈയിൽ ഗ്രാമവികസന വകുപ്പിന്റെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഗ്രാമീണ മേഖലയിലുള്ള പാവപ്പെട്ട 18 നും 35 നും മദ്ധ്യേ പ്രായമുള്ള ചെറുപ്പക്കാർക്ക് മാസവേതനം ലഭിക്കുവാനുതകുന്ന വിവിധ തൊഴിലുകളിൽ നൈപുണ്യം നൽകി കുറഞ്ഞത് 6000/- രൂപ മാസ വരുമാനമുള്ള തൊഴിൽ നൽകുവാനാണ് 'ആജീവിക' സ്കിൽസ് ലക്ഷ്യമിടുന്നത്. |
| (സി) | ഗ്രാമീണ മേഖലയിലെ നിർദ്ധനരായ ചെറുപ്പക്കാർക്ക് വിദഗ്ധ തൊഴിൽ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുക, പദ്ധതിയ്ക്കനുയോജ്യമായ പാവപ്പെട്ട തൊഴിലില്ലാത്ത ചെറുപ്പക്കാരെ കണ്ടെത്തുക, അവരെ സംഘടിപ്പിക്കുകയും ആവശ്യമായ |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് നൽകുകയും ചെയ്യുക, അഭിരുചിയ്ക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുക, വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം നൽകുക, കുറഞ്ഞത് 6000/- രൂപ മാസവരുമാനമുള്ള തൊഴിൽ നേടികൊടുക്കുക, തൊഴിൽ ലഭിച്ചതിന് ശേഷവും തൊഴിലിൽ വളർച്ച നേടുവാനും നിലനിൽക്കുവാനും ആവശ്യമായ സഹായം നൽകുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. |
| (ഡി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സംസ്ഥാനത്ത് തൊഴിൽ പരിശീലനം നടപ്പിലാക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുമായും സർക്കാർ - സർക്കാരിതര ഏജൻസികളുമായും സഹകരിച്ചായിരിക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. സ്റ്റേറ്റ് സ്കിൽ ഡവലപ്പമെന്റ് മിഷൻ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് എന്നീ സർക്കാർ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതിയിലെ പ്രധാന പങ്കാളികളാണ്. ഇതിനു പുറമേ ഉദ്യോഗാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ പങ്കിന് പദ്ധതി ഊന്നൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പ് ഉറപ്പുവരുത്തുവാൻ ഗ്രാമപഞ്ചായത്തുകളും അയൽക്കൂട്ടങ്ങളും സംയോജിതമായി പ്രവർത്തിക്കുന്നതായിരിക്കും. വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളും വിവിധ മേഖലകളിൽ തൊഴിൽ നൽകുന്ന തൊഴിൽദാതാക്കളും ഈ പദ്ധതിയിലെ പ്രധാന സഹകാരികളാണ്. |

സെക്ഷൻ ഓഫീസർ